**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**

**ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 ഭരണഭാഷ മാതൃഭാഷ 2018 ജൂൺ 12 ചൊവ്വ**

---

# ജില്ലാ കലക്ടർ ആലപ്പുഴ ജില്ലാ ആശുപത്രി സന്ദർശിച്ചു

ജില്ലാ കളക്ടർ എസ്.സുഹാസ് ആലപ്പുഴ ജില്ലാ ആശുപത്രി സന്ദർശിച്ചു. രാവിലെ 10 മണിയോടെ ആശുപത്രിയിൽ എത്തിയ കളക്ടർ ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. അത്യാഹിത വിഭാഗത്തിലേക്ക് ആദ്യമെത്തിയ കലക്ടർ കിടക്കകളുടെ എണ്ണം , പ്രാഥമിക സൗകര്യങ്ങൾ, മരുന്നു ലഭ്യത എന്നിവ സംബന്ധിച്ച് ഡോക്ടർമാരുമായും നഴ്സ്മാരുമായി ആശയ വിനിമയം നടത്തി. തുടർന്ന് പണിപൂർത്തിയായി വരുന്ന അത്യാധുനിക സൗകര്യങ്ങളുള്ള ട്രോമാകെയർ നിർമ്മാണ പ്രവർത്തികൾ വിലയിരുത്തി. തുടർന്ന് ഡയാലിസിസ് യൂണിറ്റ്, വാർഡുകൾ എന്നിവ സന്ദർശിച്ചു. കിടപ്പു രോഗികളുമായി സംസാരിക്കുകയും ആശുപത്രിയിലെ സൗകര്യങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ നിന്ന് നേരിട്ട് ചോദിച്ചറിയുകയും ചെയ്തു. പിന്നീട് ജില്ലാ കളക്ടർ ഡി.എം.ഒ ഓഫീസിൽ നടന്നുകൊണ്ടിരുന്ന പ്രതിമാസ ഡോക്ടർമാരുടെ കോൺഫറൻസിനെ അഭിസംബോധന ചെയ്തു. മഴക്കാലമായതിനാൽ ഡെങ്കിയുൾപ്പെടെയുള്ള രോഗഭീഷണി ജില്ലയിൽ നിലനിൽക്കുന്നുവെന്നും ഇക്കാര്യത്തിൽ ഡോക്ടർമാർക്കുള്ള എല്ലാ പിന്തുണയും ജില്ലാഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് കളക്ടർ ഉറപ്പുനൽകി. മഴ ശക്തമായ പശ്ചാത്തലത്തിൽ ആശുപത്രിയിലെ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് എത്തിയതായിരുന്നു കളക്ടർ. നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബി.മെഹബൂബ്, വാർഡ് കൗൺസിലർ സി.എസ്. ഷോളി, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. എൽ. അനിത കുമാരി, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ ടി. എസ് . സിദ്ധാർത്ഥൻ, ആർ.എം.ഒ ഡോ. അനസ് സാലിഹ് തുടങ്ങിയരും കളക്ടർക്കൊപ്പം ഉണ്ടായിരുന്നു.

(പി.എൻ.എ). 1263/2018)

# മാന്നാർ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനു അനുമതി

ചെങ്ങന്നൂർ : മാന്നാർ സ്റ്റോർ ജംഗ്ഷനിലെ പഞ്ചായത്ത് ബസ് സ്റ്റാൻറ്, കമ്മ്യൂണിറ്റി

ഹാൾ, വൃദ്ധസദനം എന്നിവക്കു സമീപമായി, മാന്നാർ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനു രണ്ടു കോടി രൂപയുടെ അനുമതി ഇൻ കലിനു നൽകി സർക്കാർ ഉത്തരവായി.

(പി.എൻ.എ. 1264/2018)

# ഗസ്റ്റ് അദ്ധ്യാപക ഒഴിവ്

ചെങ്ങന്നൂർ: ചെറിയനാട് എസ്.എൻ.ട്രസ്റ്റ് ഹൈസ്കൂളിൽ ദിവസവേതന അടിസ്ഥാനത്തിൽ കണക്ക് അദ്ധ്യാപകന്റെ താല്കാലിക ഒഴിവുണ്ട്. ഉദ്യോഗാർത്ഥികൾ അസൽ രേഖകളുമായി ഇന്ന് (13ന്) ഉച്ചയ്ക്ക് 2 ന് സ്കൂൾ ഓഫീസിൽ എത്തിച്ചേരണം. ഫോൺ:0479 23624 16.

(പി.എൻ.എ. 1265/2018)

# രോഗീസൗഹൃദം: പാണാവള്ളി പി.എച്ച്.സിക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം

കുടിക്കാൻ ശുദ്ധജലം, ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ പ്രത്യേക ഹരിത സേന. പറഞ്ഞുവരുന്നത് പാണാവള്ളി പി.എച്ച്.സിയെക്കുറിച്ചാണ്. രോഗികൾക്ക് വേണ്ടതെല്ലാം ഒരു കുടക്കീഴിൽ ഒരുക്കിയതിന് പി.എച്ച്.സിക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം. മാലിന്യ സംസക്കരണത്തിനുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം ആരോഗ്യ മന്ത്രി കെ. കെ. ഷൈലജയിൽ നിന്ന് പാണാവള്ളി പഞ്ചായത്ത് പ്രസിഡന്റ് രാജേഷ് വിവേകാനന്ദ, മെഡിക്കൽ ഓഫീസർ അരുൺ മിത്ര, പഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ പി. കെ. സുശീലൻ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. 25000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങിയതാണ് പുരസ്കാരം. ഇപ്പോൾ പി എച്ച് സി ക്ക് മുൻപിൽ കുട്ടികൾക്കായി പാർക്ക് ഒരുക്കാനുള്ള പ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ അടക്കമുള്ള എട്ടംഗ സംഘമാണ് പി എച്ച് സി യിൽ പരിശോധന നടത്തിയത്. സംസ്ഥാനത്ത് തന്നെ ഈ വർഷം മലിനീകരനിയന്ത്രണത്തിന് അവാർഡ് ലഭിച്ച മൂന്ന് പി എച്ച് സി. കളിൽ ഒന്നാണ് പാണാവള്ളി പി എച്ച് സി എന്നത് സന്തോഷം ഉണ്ടാക്കുന്നതായി പഞ്ചായത്ത് പ്രസിഡണ്ട് രാജേഷ് വിവേകാനന്ദൻ പറഞ്ഞു.

ചിത്രവിവരണം
പാണാവള്ളി പി.എച്ച്.സിക്ക് ലഭിച്ച സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം മന്ത്രി കെ.കെ.ശൈലജയിൽ നിന്ന് ഏറ്റുവാങ്ങുന്നു

(പി.എൻ.എ. 1266/2018)

//തുടരും//